## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

I T Section

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2528</u> <u>14.02.2013 ൽ മറുപടിക്ക്</u>

**<u>രോഗികളും ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരും തമ്മിലുള്ള അനുപാതം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>" സി.കെ. നാണു<br>" ജോസ് തെറ്റയിൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മേഖലയിലെ ആശുപത്രികളിൽ കിടക്കകളുടെ എണ്ണവും ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ എണ്ണവും തമ്മിലുള്ള അനുപാതം നിർണ്ണയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. 2.8.1961 ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) 3150/1961/ഹെൽത്ത് പ്രകാരം സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഉപധനാഭ്യർത്ഥനകളിലും മറ്റുമായി ചില ആശുപത്രികളിൽ മാത്രം തസ്തികകൾ വർദ്ധിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കാലാകാലങ്ങളിൽ ആശുപത്രികളിൽ നിന്നും ലഭ്യമാക്കേണ്ട സേവനങ്ങളെ അടിസ്ഥാനപ്പെടുത്തി ആശുപത്രികളുടെ നിലവാരം ഉയർത്താറുണ്ട്. ഇങ്ങനെ നിലവാരം ഉയർത്തപ്പെടുന്ന ആശുപത്രികളിൽ അധികമായി ആവശ്യമായി വരുന്ന ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലുമുള്ള ജില്ലാ, ജനറൽ ആശുപത്രികളിൽ 210 അസിസ്റ്റന്റ് സർജൻമാരുടെയും 570 സ്റ്റാഫ് നഴ്സുമാരുടെയും മെഡിക്കൽ കോളേജുകളിൽ 275 സ്റ്റാഫ് നഴ്സുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) ഡോക്ടർമാരും നഴ്സുമാരും മറ്റുള്ള ജീവനക്കാരും കുറവുള്ള ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>(ഡി) എങ്കിൽ, സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി)യും (ഡി)യും ഡോക്ടർമാരും നഴ്സുമാരും മറ്റുള്ള ജീവനക്കാരും കുറവുള്ള ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ